File No.FWLD-A1/37/2016-FWLD

9039
21/5/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്- ശ്രീ.ബേബി മാത്യു പ്യൂണിന്റെ (റിട്ട. ) അനധികൃത ഹാജരില്ലായ്മ - ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം./176/2018/വനം** തീയതി,തിരുവനന്തപുരം, 13/04/2018

പരാമർശം:-

(1) 23.03.2010 ലെ പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ ഇ2-2418/08 നമ്പർ ഉത്തരവ്

(2) 10.06.2014 തീയതിയായി ശ്രീ.ബേബി മാത്യു സമർപ്പിച്ച അപ്പീൽ

(3) 28.01.2015 ലെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഫീൽഡ് ഡയറക്ടർ പ്രൊജക്ട് ടൈഗർ, കോട്ടയത്തിന്റെ ഇ1-3013/13 നമ്പർ ഉത്തരവ്

(4) 20.10.2013 തീയതിയായി ശ്രീ.ബേബി മാത്യു ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം

(5) 14.07.2017ലെ സ.ഉ(സാധാ) നം.261/2017/വനം ഉത്തരവ്

(6) 19.10.2017 തീയതിയായി ശ്രീ.ബേബി മാത്യു സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

അനധികൃത ഹാജരില്ലായ്മയുമായി ബന്ധപ്പെട്ട് പെരിയാർ ഈസ്റ്റ് ഡിവിഷനിൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ പ്യൂണായി ജോലി നോക്കിയിരുന്ന ശ്രീ. ബേബി മാത്യുവിനെതിരെ, പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. തുടർന്ന് ടിയാനെ 15.02.2008 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിനെതിരെ ശ്രീ.ബേബി മാത്യു പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീലും പരാമർശം (3) പ്രകാരം നിരസിച്ചു.

2) ശ്രീ. ബേബി മാത്യു, ബഹു.മുഖ്യമന്ത്രി മുമ്പാകെ, തന്റെ ഭാഗത്തു നിന്നുണ്ടായ മന:പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി 15.02.2008 മുതൽ 31.03.2010 വരെയുള്ള അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കാലയളവ് ശൂന്യവേതനാവധിയായി പരിഗണിച്ചും പിരിച്ചുവിടൽ റദ്ദാക്കിക്കൊണ്ടും തനിക്ക് പെൻഷൻ ആനുകൂല്യം അനുവദിക്കണമെന്ന്

അപേക്ഷിച്ചുകൊണ്ട് പരാമർശം (4) പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി.

3) ടിയാന്റെ അച്ചടക്ക നടപടി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടല്ല തീർപ്പാക്കിയതെന്ന് കണ്ടെത്തിയതിനാൽ ശ്രീ.ബേബി മാത്യു സർക്കാരിൽ സമർപ്പിച്ച നിവേദനം കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 34 പ്രകാരം റിവ്യൂ ഹർജിയായി സ്വീകരിച്ച്, ടിയാനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട പെരിയാർ ടൈഗർ റിസർവ്വ് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് പരാമർശം (5) പ്രകാരം റദ്ദാക്കുകയുണ്ടായി.

4) തുടർന്ന് ശ്രീ.ബേബി മാത്യു ജോലിയിൽ നിന്നും വിട്ടു നിന്ന 15.02.2008 മുതൽ 31.03.2010 വരെയുള്ള 776 ദിവസത്തെ അനധികൃത ഹാജരില്ലായ്മ ശൂന്യവേതനാവധിയായി ക്രമപ്പെടുത്തുന്നതിന് പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചു.

5) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 31.03.1992 മുതൽ തുടർച്ചയായ സേവനമുള്ള ശ്രീ.ബേബി മാത്യുവിന്റെ 15.02.2008 മുതൽ 31.03.2010 വരെയുള്ള 776 ദിവസത്തെ അനധികൃത ഹാജരില്ലായ്മ കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ KSR Part I ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
NAZARUDEEN A
**അണ്ടർ സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ
ഓഫ് ഫോറസ്റ്റ്

ശ്രീ. ബേബി മാത്യു പ്യൂൺ (റിട്ട.)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ഓഡിറ്റ്) , കേരള തിരുവനന്തപുരം

ധനകാര്യ വകുപ്പ്(അഗ്രി - ബി2/83/2017-ധന പ്രകാരം)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ